**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3347** **01-03-2023 - ൽ മറുപടിയ്ക്ക്**

**പെരിന്തൽമണ്ണ താലൂക്കിലെ കൈവശ ഭൂമിക്ക് പട്ടയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മഞ്ഞളാംകുഴി അലി | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | പെരിന്തൽമണ്ണ താലൂക്കിലെ കോഡൂർ വില്ലേജിൽ സർവ്വേ നമ്പർ 95/1-ൽ ഉൾപ്പെട്ട നെച്ചിക്കാട് പറമ്പ് കമ്പിവളപ്പ് പ്രദേശത്ത് താമസിക്കുന്ന ഇരുന്നൂറോളം കുടുംബങ്ങളുടെ കൈവശ ഭൂമിക്ക് പട്ടയം ലഭിക്കുന്നതിനുള്ള അപേക്ഷകളിന്മേൽ സ്വീകരിച്ച നടപടികളുടെ നിലവിലെ സ്ഥിതി എന്താണ്; | (എ) | പെരിന്തൽമണ്ണ താലൂക്ക് ലാൻഡ് ബോർഡിന്റെ എസ്.എം.പി 49/1977 നമ്പർ ഉത്തരവ് പ്രകാരം കോഡൂർ വില്ലേജിലെ സർവ്വെ നമ്പർ 95/1 ൽപ്പെട്ട 18.40 ഏക്കർ ഭൂമി ഏറ്റെടുത്തതിൽ 3.50 ഏക്കർ ഭൂമി പ്രഖ്യാതാവിന്റേതല്ലെന്ന് ബോധ്യപ്പെട്ടതിനെ തുടർന്ന് പുന:സർവ്വെ നടത്തിയിട്ടുള്ളതും പ്രസ്തുത സർവ്വെ നമ്പരിൽ നിന്നും പ്രഖ്യാതാവിന്റേതായ 3.40 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടിയുടെ ഭാഗമായി പ്രാരംഭ സർവ്വെ ആരംഭിച്ചിട്ടുള്ളതാണ്. നാളിതുവരെ 82 അന്യ കൈവശക്കാരുടെ വിവരങ്ങൾ ശേഖരിച്ചിട്ടുണ്ട്, ആയത് ഏകദേശം 8 ഏക്കർ 89.54 സെന്റ് ഭൂമി ഉള്ളതായി കാണുന്നു. ബാക്കി നിൽക്കുന്ന അന്യഭൂമിയും, കൈവശഭൂമിയും തിട്ടപ്പെടുത്തുന്ന നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ബി) | പ്രസ്തുത ഭൂമി പതിച്ച് നൽകുന്നതിനുള്ള സർവേ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | സർവ്വെ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | വിവിധ നടപടിക്രമങ്ങളിൽ വരുന്ന കാലതാമസം കാരണമാണ് ദീർഘനാളായിട്ടും പട്ടയം നൽകൽ പൂർത്തിയാക്കാൻ സാധിക്കാത്തതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നടപടിക്രമങ്ങൾ ത്വരിതപ്പെടുത്തി സമയബന്ധിതമായി പട്ടയം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (സി) | ഏറ്റെടുക്കുവാനുള്ള ഭൂമിയിൽ വർഷങ്ങൾക്ക് മുമ്പ് തന്നെ അന്യ കൈവശക്കാർ വീട് വച്ചും അല്ലാതെയും അനധികൃത പ്രവേശനം നടത്തിയിട്ടുള്ളതിനാലാണ് നടപടി ക്രമങ്ങളിൽ കാലതാമസം വന്നിട്ടുള്ളത്. നടപടിക്രമങ്ങൾ ത്വരിതപ്പെടുത്തി സമയബന്ധിതമായി പട്ടയം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ